**No.CEE/2669/2016/3LLB /TA2**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## 2016–17 ലെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഉയർന്ന പ്രായപരിധി ഏർപ്പെടുത്തി

## ജനനത്തീയതി തെളിയിക്കുന്ന രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

**2016**–ലെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ബഹു: സുപ്രീം കോടതി ഉത്തരവിന്റെയും, ബാർകൗൺസിൽ ഓഫ് ഇന്ത്യ നിബന്ധനയുടെയും അടിസ്ഥാനത്തിൽ ഉയർന്ന പ്രായപരിധി ഏർപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം പ്രവേശന പരീക്ഷയ്ക്കുള്ള വിജ്ഞാപനത്തീയതിയായ **2016 ആഗസ്റ്റ് 12** ന് ജനറൽ വിഭാഗത്തിലുള്ളവർക്ക് **30** വയസ്സും എസ്.ഇ.ബി.സി/ എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് **35** വയസ്സുമാണ് ഉയർന്ന പ്രായപരിധി. സർക്കാർ ഉത്തരവിന്റെ പകർപ്പ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽ സാഹചര്യത്തിൽ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനപ്പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളതും, വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്തവരുമായ അപേക്ഷകർ ജനനത്തീയതി തെളിയിക്കുന്നതിനുള്ള എസ്.എസ്.എൽ.സി അഥവാ തത്തുല്യ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് താഴെപ്പറയുന്ന രീതിയിൽ ഓൺലൈനായി സമർപ്പിക്കണം.

**www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Three Year LL.B 2016 - Candidate Portal'** എന്ന ലിങ്കിൽ പ്രവേശിച്ച് **ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ** എന്നിവ നൽകി ഹോം പേജിൽ പ്രവേശിക്കണം. അതിനുശേഷം**'Upload Age Proof'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് രേഖകൾ പ്രകാരമുള്ള ജനനത്തീയതി സമർപ്പിക്കേണ്ടതാണ്. കൂടാതെ **'Upload Image for Age Proof'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ജനനത്തീയതി തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പിന്റെ സ്കാൻ ചെയ്ത ഇമേജ് **'Upload'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. വ്യക്തതയുള്ളതും, ആധികാരികവുമായ രേഖകൾ മാത്രമേ ജനനത്തീയതിയുടെ തെളിവിനായി പരിഗണിക്കുകയുള്ളൂ. പ്രസ്തുത രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് തപാൽ വഴി അയക്കേണ്ടതില്ല. എന്നാൽ പ്രസ്തുത രേഖകൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. **2016 ഒക്ടോബർ 25–ാം തീയതി വൈകുന്നേരം 5 മണി**യ്ക്കകം ഓൺലൈനായി രേഖകൾ അപ്‌ലോഡ് ചെയ്യാത്ത അപേക്ഷകരെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം
22.10.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**